**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - എക്സൈസ് - ജീവനക്കാര്യം - കണ്ണൂർ എക്സൈസ് ഡിവിഷൻ ഓഫീസിൽ വിജിലൻ സ് നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ 31.05.2023-ൽ സർവ്വീസിൽ നിന്നും വിരമിച്ച ഡ്രൈവർ ശ്രീ.അനിൽ കുമാർ ഇ-ക്കെതിരായ അച്ചടക്ക നടപടി- തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ്) വകുപ്പ്**

**സ.ഉ.(സാധാ) നം.537/2025/TAXES തീയതി,തിരുവനന്തപുരം, 09-06-2025**

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 25.10.2022-ലെ ഇ17/(എസ്.സി.21/2022/കെ.എൻ.ആർ) 10935/2022 നമ്പർ കത്ത്.
2. 16.01.2024-ലെ എഫ്2/68/2022 നമ്പർ കാരണം കാണിക്കൽ നോട്ടീസ്
3. കാരണം കാണിക്കൽ നോട്ടീസിന് 16.02.2024-ൽ ശ്രീ.അനിൽ കുമാർ ഇ. സമർപ്പിച്ച എതിർവാദ പത്രിക
4. എക്സൈസ് കമ്മീഷണറുടെ 25.06.2024-ലെ EXC/1597/2022-XE4 നമ്പർ കത്ത്
5. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 30.05.2025-ലെ എ1-3/41/2024-കെ.പി.എസ്.സി നമ്പർ കത്ത്

**ഉത്തരവ്**

കണ്ണൂർ എക്സൈസ് ഡിവിഷൻ ഓഫീസിൽ കള്ളുഷാപ്പുകളുടെ ലൈസൻസ് പുതുക്കി നൽകുന്നതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർ പണം കൈപ്പറ്റുന്നു എന്നതിനെ സംബന്ധിച്ച് വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 31.03.2022 വൈകുന്നേരം 4.00 മണിക്ക്

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, കണ്ണൂർ യൂണിറ്റ് എക്സൈസ് ഡിവിഷൻ ഓഫീസിൽ നടത്തിയ മിന്നൽ പരിശോധനയിൽ എക്സൈസ് ഡ്രൈവർ ശ്രീ.അനിൽ കുമാർ. ഇ ഓഫീസിൽ ഹാജരുണ്ടായിരുന്നിട്ടും പല ദിവസങ്ങളിലും സെൽഫ് ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ തന്റെ കൈവശം ഉള്ള തുക സംബന്ധിച്ച രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല എന്ന് അറിയിക്കുകയും ഉചിതമായ വകുപ്പുതല നടപടി സ്വീകരിക്കുവാൻ വിജിലൻസ് ഡയറക്ടർ പരാമർശം (1) പ്രകാരം ശിപാർശ ചെയ്യുകയുണ്ടായി.

**2)** 31.05.2023-ൽ സർവ്വീസിൽ നിന്നും വിരമിച്ച ഡ്രൈവർ ശ്രീ. അനിൽ കുമാർ ഇ.ക്കെതിരെ കണ്ടെത്തിയ വീഴ്ചക്ക് കേരള സർവ്വീസ് റൂൾ ചട്ടം 3(a) പ്രകാരം സർക്കാർതലത്തിൽ അച്ചടക്കനടപടി തുടരുന്നതിന്റെ ഭാഗമായി ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും **200/- രൂപ** രണ്ടുവർഷത്തേയ്ക്ക് കുറവു ചെയ്യുന്നതിന് താൽകാലികമായി തീരുമാനിക്കുകയും അത് വിജിലൻസ് വകുപ്പ് അംഗീകരിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ വിരമിച്ച എക്സൈസ് ഡ്രൈവർ ശ്രീ. അനിൽ കുമാർ ഇ-ക്കെതിരെ കേരള സർവ്വീസ് റൂൾ ഭാഗം III ചട്ടം 3(a) പ്രകാരം സർക്കാർതലത്തിൽ അച്ചടക്കനടപടി തുടരുന്നതിന്റെ ഭാഗമായി ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും **200/- രൂപ** രണ്ടുവർഷത്തേയ്ക്ക് കുറവു ചെയ്യുന്നതിന് താൽകാലികമായി തീരുമാനിക്കുകയും, പരാമർശം (2) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയും, പരാമർശം (3) പ്രകാരം ടിയാൻ സമർപ്പിച്ച എതിർവാദ പത്രികയിന്മേൽ എക്സൈസ് കമ്മീഷണർ പരാമർശം (4) പ്രകാരം അഭിപ്രായം രേഖപ്പെടുത്തി സമർപ്പിക്കുകയും ചെയ്തിരുന്നു. ശ്രീ.അനിൽ കുമാർ. ഇ ഓഫീസിൽ ഹാജരുണ്ടായിരുന്നിട്ടും പല ദിവസങ്ങളിലും സെൽഫ് ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ തന്റെ കൈവശം ഉള്ള തുക സംബന്ധിച്ച രേഖപ്പെടുത്തലുകൾ വരുത്തുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ളതായി എക്സൈസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**3)** സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. എക്സൈസ് ഡ്രൈവർ ശ്രീ. അനിൽ കുമാർ. ഇ-ക്കെതിരെ കേരള സർവ്വീസ് റൂൾ ഭാഗം III ചട്ടം 3(a) പ്രകാരം സർക്കാർതലത്തിൽ അച്ചടക്കനടപടി തുടരുന്നതിന്റെ ഭാഗമായി ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും **200/- രൂപ** രണ്ടുവർഷത്തേയ്ക്ക് കുറവു ചെയ്യുന്നതിന് താൽകാലിക തീരുമാനം എടുക്കുകയും അതിന്മേൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായം ആരാഞ്ഞതിൽ മേൽപറഞ്ഞ താൽകാലിക തീരുമാനത്തോട് യോജിക്കുന്നതായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പരാമർശം (5) പ്രകാരം ഉപദേശം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

**4)** മേൽ സാഹചര്യത്തിൽ, എക്സൈസ് ഡ്രൈവർ(റിട്ട.) ശ്രീ. അനിൽ കുമാർ ഇ-ക്കെതിരെ സ്വീകരിച്ചുവന്നിരുന്ന അച്ചടക്കനടപടി കേരള സർവ്വീസ് റൂൾ ഭാഗം III ചട്ടം 3(a) പ്രകാരം ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും **200/-** **രൂപ** വീതം രണ്ടുവർഷത്തേയ്ക്ക് കുറവു ചെയ്യാൻ തീരുമാനിച്ചുകൊണ്ട് തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രമോദ് എം വി
ജോയിന്റ് സെക്രട്ടറി

1. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് മുഖേന)
2. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4. ശ്രീ.അനിൽ കുമാർ ഇ., എക്സൈസ് ഡ്രൈവർ (റിട്ടയേർഡ്), (എക്സൈസ് കമ്മീഷണർ മുഖേന)
5. വിജിലൻസ് (എ) വകുപ്പ്
6. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്/ഇ.ആർ.എസ്.എ), തിരുവനനന്തപുരം, കേരളം
7. വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസീദ്ധീകരിക്കുന്നതിന്)
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (എഫ്2/68/2022-നികുതി)

ഉത്തരവിൻ പ്രകാരം
Signed by
Jagadish Babu M
Date: 10-06-2025 10:39:50
സെക്ഷൻ ഓഫീസർ